# സകാത്ത് കമ്മറ്റി;
# വിമർശനം എന്ത് കൊണ്ട്?!

**അസ്‌ലം സഖാഫി പയ്യോളി**

SUNNAH CLUB

Click to follow us:

Sunnahclub.in

# ഉള്ളടക്കം


- കമ്മറ്റി ആരംഭിച്ചതെപ്പോൾ!?
- സകാത്ത് സംഘടനയുടെ വരുമാന സ്രോതസ്സ്
- മൗലവിമാർ കൊമ്പ് കോർക്കുന്നു
- പരോക്ഷ സകാത്; തെളിവില്ലെന്ന് സമ്മതിക്കുന്നു.
- ജമ- മുജകളുടെ സകാത്ത് വിനിയോഗ മാർഗ്ഗങ്ങൾ
    1. ഭരണത്തിന് പോലും അവകാശമില്ലാത്തത്.
    2. സകാത്ത് ഫണ്ട് സംഘടനക്ക് നൽകുന്നു.
    3. ഇംഗ്ലീഷ് മീഡിയത്തിനും സ്കൂളിനും സകാത്ത്
    4. പത്ര മാസികകൾക്കും പൊതു മാധ്യമങ്ങൾക്കും
    5. ബുക്ക് സ്റ്റാളിനും സകാത്ത്
- പാവങ്ങളുടെ വിവാഹത്തിന് സകാത് ഫണ്ടില്ല!?

# സകാത്ത് കൊള്ള ആരംഭിച്ചതെപ്പോൾ!?

വിശ്വാസവും കർമ്മവും നിഷ്ഫലമാക്കുക എന്നത് ബിദ്അത്തിന്റെ അടിസ്ഥാന ലക്ഷ്യമാണ്. ഇതിനാവശ്യമായ മാർഗങ്ങൾ കണ്ടെത്തലാണ് ഓരോ ബിദ്അത്തുകാരന്റെയും പ്രവർത്തനമെന്ന് അവരെ നിരീക്ഷിക്കുന്നവർക്കൊക്കെ എളുപ്പത്തിൽ ബോധ്യപ്പെടും.

അല്ലാഹുവിന് അവയവങ്ങളും ശരീരവുമുണ്ടെന്നും പ്രവാചകന്മാർ സാധാരണ മനുഷ്യരാണെന്നും വിശ്വസിപ്പിക്കുന്നതും നിസ്കാരം പോലുള്ള ഇബാദത്തുകൾക്ക് നിയ്യത്ത് ആവശ്യമില്ലെന്നും നോമ്പുകാരന് സുബ്ഹിയുടെ ഇഖാമത്ത് കൊടുത്തതിനുശേഷം വെള്ളം കുടിക്കാമെന്നുമൊക്കെ പഠിപ്പിക്കുന്നതും ഇതിന്റെ ഭാഗമാണ്. സകാത്ത് ഒരു ഇബാദത്താണ്. അത് നൽകുമ്പോൾ നിയ്യത്ത് വേണം അർഹരായവരിലെത്തി

Sunnahclub.in

ക്കുകയും വേണം. അല്ലാത്തപക്ഷം സകാത്ത് എന്ന നിർബന്ധ ബാധ്യത വീടിത്തീരുകയില്ല.

സകാത്തിന്റെ അവകാശികളെ എട്ടു വിഭാഗമായി ഖുർആൻ പഠിപ്പിച്ചിട്ടുണ്ട്. അവർക്കു മാത്രമേ സകാത്തിന് അർഹതയുള്ളൂ. അതിൽ പള്ളിയോ പള്ളി ക്കൂടമോ സംഘടനയോ ഒന്നുമില്ല. നബി(സ)യുടെ കാലത്ത് പള്ളിയുണ്ട്, പള്ളി പരിപാലനവുമുണ്ട്. അക്കാലത്ത് സാമ്പത്തിക ഞെരുക്കം ഉണ്ടായിട്ടു പോലും സകാത്ത് ഇത്തരം കാര്യങ്ങൾക്ക് നബി(സ) ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത് വഹാബികൾക്കും അറിയാവുന്ന കാര്യമാണ്.

> “പള്ളി നിർമാണവും മയ്യിത്ത് സംസ്കരണവും തൊഴിൽ പരിശീലനവും നബി(സ)യുടെ കാലത്തും നിർവഹിച്ചിരുന്ന കാര്യങ്ങളാണ്. അവയ്ക്കുവേണ്ടി അവിടുന്ന് സകാത്ത് ഫണ്ട് വിനിയോഗിച്ചിരുന്നതായി പ്രബലമായ ഹദീസുകളിൽ കാണുന്നില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളും മത സംഘടനകളും നബി(സ)യുടെ കാലത്തുണ്ടായിരുന്നില്ല. അതു കൊണ്ടുതന്നെ അവർക്കു വേണ്ടി സകാത്ത് ഫണ്ട് വിനിയോഗിക്കുന്ന പ്രശ്നം അന്ന് ഉത്ഭവിച്ചിട്ടില്ല. എന്നാലും അല്ലാഹുവിന്റെ മാർഗത്തിലുള്ള ബോധവൽക്കരണവും ആദർശ പ്രചാരണവുമാണ് ഒരു സ്ഥാപനത്തിന്റെയോ സംഘടനയുടെയോ കർമ്മ പരിപാടിയെങ്കിൽ അതിനുവേണ്ടി സകാത്ത് ഫണ്ടിൽ നിന്ന് ഒരു വിഹിതം വിനിയോഗിക്കാവുന്നതാണ്”

*(ശബാബ് വാരിക 2009 -ഫെബ്രു വരി 27 പേജ് 29)*

നബി(സ)യുടെ കാലത്ത് പള്ളിയുണ്ട്. പള്ളിയിൽ നടക്കുന്നത് അല്ലാഹുവിന്റെ മാർഗത്തിലുള്ള കാര്യങ്ങലാണെന്ന് പറഞ്ഞ് നബി(സ) പള്ളിക്ക് സകാത്ത് അനുവദിച്ചിട്ടില്ല. ഇതൊ

ക്കെ അറിഞ്ഞുകൊണ്ടുതന്നെയാണ് സ്വന്തം പള്ളിക്കും സ്ഥാപനത്തിനും സംഘടനക്കും സകാത്തിന്റെ ഫണ്ട് മൗലവിമാർ വഴിമാറ്റുന്നത്.

എട്ടു വിഭാഗത്തിൽ പരിമിതപ്പെടുത്തിയ സകാത്തിനെ സ്വന്തം താല്പര്യങ്ങൾക്ക് ഉപയോഗപ്പെടുത്തി കാണിച്ചു കൊടുത്തത് കെ.എം മൗലവിയാണ്. ഇയാളുടെ മാതൃകയാണ് മൗലവിമാരും അവലംബിച്ചത്. ഐക്യസംഘം പലിശ ഹലാലാക്കുന്നതിനിടെ പൊട്ടിപ്പൊളിഞ്ഞപ്പോൾ ബിദഈ ആശയ പ്രചാരണങ്ങൾക്ക് സഹായകമാവാൻ മലബാർ ജില്ലാ മുസ്ലിംലീഗ് എന്ന രാഷ്ട്രീയപാർട്ടി രൂപീകരിക്കുകയും അതിന്റെ ആദ്യ യോഗത്തിൽ തന്നെ സകാത്ത് പിരിച്ചെടുക്കാൻ ആവശ്യപ്പെടുകയും സ്ഥാപനങ്ങൾക്ക് നൽകാൻ തീരുമാനിക്കുകയും ചെയ്യുകയായിരുന്നു. സമ്പത്തിന്റെ സകാത്ത് പിരിച്ചെടുക്കാൻ പറ്റുമോ? അത് നബി(സ) ചെയ്തിട്ടുണ്ടോ? സ്ഥാപനത്തിന് സകാത്ത് നൽകാൻ പറ്റുമോ? സകാത്തിന്റെ അവകാശികളെ നിർണ്ണായിക്കപ്പെട്ടതിനാൽ ഇതൊക്കെ ആലോചിക്കുകയും ചിന്തിക്കുകയും ചെയ്യേണ്ടതായിരുന്നിട്ട് പോലും ഒന്നും ആലോചിക്കാതെ സകാത്തിന്റെ അവകാശികളായി ഒമ്പതാമത്തെ ഒരു വിഭാഗത്തെ സൃഷ്ടിച്ചെടുക്കുകയായിരുന്നു കെ എം മൗലവി.

“സകാത്ത് മതവിധി പ്രകാരം അതതു കമ്മിറ്റികളുടെ അധികാരാതിർത്തികളിൽപ്പെട്ട എല്ലാവരിൽ നിന്നോ ഇല്ലെങ്കിൽ അതിനു സമ്മതിക്കുന്നവരിൽ നിന്നോ പിരിച്ചെടുത്തു അത് ലഭിക്കുവാൻ അർഹതയുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുക”

*(അൽ മുർശിദ് മാസിക-1938 ജനുവരി പേജ് 40)*

Sunnahclub.in

ഇപ്പോൾ മുജാഹിദ് ഗ്രൂപ്പുകൾ തമ്മിൽ മത്സരമാണ്. ഓരോ ഗ്രൂപ്പിന്റെയും സംഘടനാ പ്രവർത്തനങ്ങളും സ്ഥാപനങ്ങളും വിപുലപ്പെടുത്താൻ സകാത്തുക്കൾ ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നു. റമദാൻ മാസമാകുമ്പോൾ സകാത്തിന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരസ്യങ്ങളാണ്.കഴിഞ്ഞ റമദാനിലെ ഒരു പരസ്യം ഇങ്ങനെയായിരുന്നു:

> "എന്റെ സകാത്തിൽ നിന്ന് ഒരു വിഹിതം റേഡിയോ ഇസ്ലാമിന്."

*(ശബാബ് വാരിക 2023 മാർച്ച് 31 പേജ് 31)*

Sunnahclub.in

# സകാത്ത്; സംഘടനയുടെ വരുമാന സ്രോതസ്സ്

റമദാൻ എത്തും മുമ്പേ സകാത്തിന്റെ പണം തട്ടി സംഘടനയുടെ കടംവീട്ടാൻ മുന്നിട്ടിറങ്ങിയ ജമാ-മുജകൾക്ക് പണ്ഡിതന്മാരുടെ ഇടപെടൽ വലിയ തലവേദനയാണ് സൃഷ്ടിച്ചിരിക്കുന്നത്.

ഇതിൽ വെപ്രാളപ്പെട്ട ഒരു ജമാഅത്തുകാരന്റെ മറുപടി ഇങ്ങനെയാണ്:

“ബൈത്തുൽമാൽ എന്നത് പാർട്ടി ഫണ്ടും ബൈത്തു സകാത്ത് എന്നത് നിർബന്ധ സകാത്തും ആണ്. ഇനിയും തെറ്റിദ്ധരിപ്പിക്കണ്ട.”

പാവം, ഏതോ ഒരു ജമാഅത് അമീർ ‘അംഗ’ങ്ങളുടെ സമാധാനത്തിന് വിട്ടുകൊടുത്തതാവും. ഞങ്ങൾക്ക് ബൈത്തുൽ മാലും ബൈത്തു സകാത്തും വെവ്വേറെയാണ്, ഞങ്ങളുടെ നേതാക്കൾ സകാത്ത് വഴിമാറി ചെലവഴിക്കാത്ത ശുദ്ധരാകുന്നു എന്ന് ബോധ്യപ്പെടുത്തലാവും അമീറിന്റെ ഉദ്ദേശ്യം.

എന്നാൽ ജമാഅത്ത് ഭരണഘടനയിൽ ധനകാര്യം ചർച്ച ചെയ്യുന്നിടത്ത് ബൈത്തുസ്സകാത്ത് എന്ന ഒരു വകുപ്പേയില്ല. സകാത്ത് അടക്കം എല്ലാ പണവും പ്രാദേശിക ബൈത്തുൽ മാലിലാണ് നിക്ഷേപിക്കേണ്ടത്. പ്രാദേശിക ബൈത്തുൽ മാലിനെയും ഹൽഖാ ബൈത്തുൽ മാലിനെയും കേന്ദ്ര ബൈത്തുൽ മാലിലേക്ക് ലയിപ്പിക്കാൻ അമീറിന് അധികാരമുണ്ട്. കേന്ദ്ര ബൈത്തുൽ മാലിന് ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിക്കുക എന്നത് ജമാഅത്ത് അമീറിന്റെ അധികാരത്തിൽ പെട്ടതുമാണ്. മാത്രമല്ല, സകാത്തിന്റെ കാര്യത്തിൽ അനുയോജ്യമായ വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതും അമീർ തന്നെയാണ്. ജമാഅത്തിന്റെ പ്രവർത്തന ഫണ്ട് ഐ.പി. എച്ചിന്റെ പുസ്തകങ്ങൾ വിറ്റകാശും സകാത്തു പണവുമാണെന്ന് പ്രബോധനത്തിൽ വ്യക്തമാക്കിയ കാര്യം നാം മറന്നു പോകരുത്.

ചുരുക്കത്തിൽ നിങ്ങളുടെ സകാത്ത് ജമാഅത്തുകാരന്റെ ഏതു 'മാലി'ൽ സംഭരിച്ചാലും അത് കൈകാര്യം ചെയ്യുന്നത് ജമാഅത്തിന്റെ അമീർ ആയിരിക്കും.

ജമാഅത് ഭരണഘടനയിലെ ഇത് സംബന്ധമായ കാര്യങ്ങൾ താഴെ ചേർക്കുന്നു :

**"ഖണ്ഡിക 57:**

ജമാഅത്ത് താല്പര്യത്തിന് ആവശ്യമെന്ന് തോന്നുന്ന പക്ഷം ഏതെങ്കിലും പ്രാദേശിക ബൈത്തുൽ മാലിനെ ഹൽഖാ ബൈത്തുൽ മാലിലോ കേന്ദ്ര ബൈത്തുൽ മാലിലോ ലയിപ്പിക്കുവാൻ ജമാഅത്ത് അമീറിന് അധികാരമുണ്ടായിരിക്കും."

**ഖണ്ഡിക 58:**

Sunnahclub.in

ജമാഅത്ത് അംഗങ്ങൾ തങ്ങളുടെ സകാത്ത് ജമാഅത്തിന്റെ പ്രാദേശിക ബൈത്തുൽമാലിൽ അടക്കുന്നതാണ്.

`വിശദീകരണം:` ഏകാംഗങ്ങളുടെ സകാത്തിനെ സംബന്ധിച്ച് ജമാഅത്ത് അമീർ അനുയോജ്യമായ വ്യവസ്ഥകൾ ഉണ്ടാക്കുന്നതാണ്.

**ഖണ്ഡിക 59 :**

കേന്ദ്ര ബൈത്തുൽമാൽ ജമാഅത്ത് അമീറിന്റെ കീഴിലായിരിക്കും. അംഗീകൃത ബജറ്റ് അനുസരിച്ച് അതത് ഇനങ്ങളിൽ അദ്ദേഹം അതിൽ നിന്ന് ചെലവാക്കുന്നതായിരിക്കും.

**ഖണ്ഡിക 63:**

ബൈത്തുൽ മാലുകളെ സംബന്ധിച്ച നിയമ ചട്ടങ്ങൾ ജമാഅത്ത് അമീർ നിർമ്മിക്കുന്നതായിരിക്കും.

**അമീറിന്റെ അധികാരങ്ങൾ**

19) ഏകാംഗങ്ങളുടെ സകാത്ത് മുതലായവയുടെ കാര്യത്തിൽ അനുയോജ്യമായ വ്യവസ്ഥകൾ ഉണ്ടാക്കുക.

20) കേന്ദ്ര ബൈത്തുൽമാലിൽ നിന്ന് ജമാഅത്ത് പ്രവർത്തനങ്ങൾക്ക് സംഖ്യ ചെലവഴിക്കുക. (ജമാഅത്തെ ഇസ്ലാമി ഭരണഘടന)

"ജമാഅത്തിന്റെ ധനാഗമന മാർഗങ്ങൾ മൂന്നു രൂപത്തിലായിരിക്കും.

ഒന്ന്, പുസ്തക വില്പന.
<u>രണ്ട്, സകാത്ത്.</u>
മൂന്ന്, സംഭാവനകൾ."

*(പ്രബോധനം അമ്പതാം വാർഷിക പതിപ്പ്. പേജ്: 92)*

Sunnahclub.in

" വരുമാനത്തിന്റെ പ്രധാന സ്രോതസ്സ് ഇദാറ ദാറുൽ ഇസ്ലാം പ്രസിദ്ധീകരിച്ച പുസ്തകങ്ങളാണ്. അതിന്റെ പ്രചാരണത്തിലൂടെ മാത്രമേ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുകയുള്ളൂ. അതിൽ നിന്നുള്ള വരുമാനം മുഴുവനും ബൈത്തുൽമാലിൽ വരേണ്ടതുണ്ട്. വരുമാനത്തിന്റെ മറ്റൊരു സ്രോതസ്സ് സകാത്താണ്. സകാത്ത് കൊടുക്കാനുള്ള നിസ്വാബ് എത്തിയ എല്ലാ ജമാഅത്ത് അംഗങ്ങളും തങ്ങളുടെ സകാത്ത് പ്രാദേശിക ബൈത്തുൽമാലിൽ അടക്കേണ്ടതാണ്. പ്രാദേശിക ജമാഅത്തുകൾ ഇല്ലാത്തയിടത്തെ ജമാഅത്ത് അംഗങ്ങൾ സകാത്ത് കേന്ദ്രത്തിലേക്കാണ് അയക്കേ ണ്ടത്."

*(പ്രാസ്ഥാനിക ശിക്ഷണം-പേജ് 36 ഐ പി എച്ച്*

Sunnahclub.in

# സകാത്ത് തട്ടിപ്പ് : മൗലവിമാർ കൊമ്പുകോർക്കുന്നു

1938ൽ കെ. എം മൗലവി തുടങ്ങിവെച്ച സ്ഥാപനങ്ങൾക്കും പള്ളിക്കും സംഘടനക്കും സകാത്ത് സ്വീകരിക്കുകയെന്നത് നബി(സ)യുടെ മാതൃകയില്ലെങ്കിലും മൗലവിമാർക്കിടയിൽ നിരാക്ഷേപം നടന്നുവന്ന കാര്യമായിരുന്നു. അവർക്കിടയിൽ ഈ വിഷയത്തിൽ ഒരു തർക്കവുമുണ്ടായിരുന്നില്ല. നബി (സ)ചെയ്തിട്ടില്ലെന്ന് പറഞ്ഞ് ആരും ബഹിഷ്കരിചതുമില്ല.

2002 ൽ വഹാബി സംഘടന പിളർന്നു. 2012ൽ വീണ്ടും വീണ്ടും പിളർന്നു. സകാത്ത് പല സംഘടനകൾക്കുമായി വീതിക്കപ്പെട്ടു. സകാത് തടയപ്പെട്ട സംഘടനാ വിരുദ്ധരായ ശുഷ്കിച്ച വഹാബി ഗ്രൂപ്പ് സകാത്ത് കമ്മറ്റിക്കെതിരെ തിരിഞ്ഞു.

'നബി(സ) ചെയ്തില്ലെ'ന്ന വാദവുമായി അവർ രംഗത്ത് വന്നു. ഖുർആനിൽ പറഞ്ഞ 'ഫീ സബീലില്ലാഹി' ഇനത്തിൽ പള്ളിയും സ്ഥാപനങ്ങളും പെടുമെന്ന് വാദിച്ചുകൊണ്ട് സംഘടനാ ഗ്രൂപ്പുകളും രംഗത്ത് വന്നു.

"ഫീ സബീലില്ലാഹ്' എന്ന സകാത്തിന്റെ അവകാശികളെ പലപ്പോഴും 'അല്ലാഹുവിന്റെ മാർഗത്തിൽ സായുധ സമ

Sunnahclub.in

രം നടത്തുന്നതിന്' എന്നതിലേക്ക് ചുരുക്കിയതായി കാണാറുണ്ട്. എന്നാൽ അല്ലാഹുവിന്റെ പ്രീതി ലഭിക്കാനായി ചെയ്യുന്ന എന്ത് പ്രവർത്തനങ്ങളും ഈ വിഭാഗത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. മത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പള്ളികൾ, അനാഥാലയങ്ങൾ തുടങ്ങിയവയുടെ നിർമ്മാണവും പ്രവർത്തനവും, പ്രബോധന പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ചെലവുകൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും."

*(ശബാബ് വാരിക 2022 -ഏപ്രിൽ 22 പേജ് 11 )*

ഖുർആൻ സൂക്തം തെളിവായി കൊണ്ടുവരുമ്പോൾ, ഈ സൂക്തം നബി(സ) ക്കല്ലേ അവതരിച്ചത്? എന്നിട്ടും നബി(സ) ക്കിത് തിരിഞ്ഞില്ലേ? ഇത് തെളിവാണെങ്കിൽ നബി(സ) ഏതെങ്കിലും പള്ളിക്ക് സകാത്ത് സ്വീകരിച്ചുവോ? വഹാബികളുടെ ഇത്തരം പതിവ് ചോദ്യങ്ങളൊന്നും മൗലവിമാരെ അലോസരപ്പെടുത്തിയില്ല. കാരണം, സകാത്ത് വീടിയില്ലെങ്കിലും സ്ഥാപനം നടക്കണം, സംഘടന വളരണം എന്നൊരു ലക്ഷ്യം മാത്രമേ ഇതിൽ കാണുന്നുള്ളൂ.

ഗൾഫ് പണ്ഡിതന്മാരുടെ ഫത്‌വ ഉദ്ധരിച്ചുകൊണ്ടാണ് മുജാഹിദിലെ എട്ടാം ഗ്രൂപ്പ് ഈ വാദത്തെ പ്രതിരോധിക്കുന്നത്.

"സകാത്തിന്റെ വിനിയോഗ ആയത്തിൽ പറഞ്ഞ 'ഫീ സബീലില്ലാഹി' എന്നതിന്റെ ഉദ്ദേശ്യം, മതത്തെ സഹായിക്കാനും അല്ലാഹുവിന്റെ വചനത്തെ ഉന്നതമാക്കാനും വേണ്ടി മുസ്ലിംകളിൽ നിന്ന് യുദ്ധം ചെയ്യുന്ന പട്ടാളക്കാർ മാത്രമാണ്. ജിഹാദുമായി ബന്ധപ്പെട്ട ആയുധങ്ങൾ പട്ടാളക്കാരുടെ ചെലവുകൾ തുടങ്ങിയവയാണ്. പള്ളി നിർമ്മാണം, പള്ളിയുടെ കേടുപാടുകൾ തീർക്കൽ,വിരിവാങ്ങൽ, തുടങ്ങിയവ 'ഹജ്ജ് അല്ലാഹുവിന്റെ മാർഗത്തിൽ പെട്ടതാണ്' എന്ന നബിവചന

Sunnahclub.in

ത്തോട് ഖിയാസാക്കാൻ പറ്റുകയില്ല" (ലജ്ന ഫത്വ നമ്പർ 2361)

മൗലവി തുടർന്നെഴുതുന്നു :

"നമ്മുടെ നാട്ടിൽ സകാത്തിന്റെ ഏറിയപങ്കും പള്ളി, മദ്റസ തുടങ്ങിയ കാര്യങ്ങൾക്കാണ് പിരിച്ചെടുക്കപ്പെടുന്നത്. പിരിവിന്റെ മാസമായി മാറിയ റമദാനിൽ പള്ളികളിലും അല്ലാതെയും നടക്കുന്ന ധാരാളം പിരിവുകൾ ഇതിനു വേണ്ടിയാണ്. ദാരിദ്ര നിർമ്മാർജ്ജനം മുഖ്യലക്ഷ്യം വെച്ചുള്ള ഇസ്ലാമിന്റെ സകാത്തിന്റെ ഉദ്ദേശ്യം തന്നെ ഇതിലൂടെ ഇല്ലാതെ പോകുന്നു. 'ഫീ സബീലില്ലാഹി' എന്നത് എല്ലാ ഖൈറായ കാര്യവുമായിരുന്നെങ്കിൽ പിന്നെ എന്തിനാണ് അല്ലാഹു ബാക്കി ഏഴ് വിഭാഗത്തെ എണ്ണിയത്? അവയെല്ലാം ഖൈറായ കാര്യമായതുകൊണ്ട് ഫീ സബീലില്ലാഹ് എന്ന് മാത്രം പറഞ്ഞാൽ മതിയാകുമായിരുന്നല്ലോ."

*(അൽ ഇസ്ലാഹ് മാസിക -2015 ജൂലൈ പേജ് : 14)*

ഈ ചോദ്യങ്ങളൊക്കെ പ്രസക്തമാണെങ്കിലും ആത്മാർത്ഥതയോടല്ലെന്ന കാര്യം ഉറപ്പാണ്. സ്വന്തത്തിൽ സകാത്ത് തടയപ്പെടുന്ന രംഗം വന്നപ്പോഴാണ് ഈ എതിർപ്പൊക്കെ മൗലവിമാരിൽ നിന്നുണ്ടായതെന്ന് ആർക്കും ബോധ്യപ്പെടും.

സകാത്ത് കമ്മിറ്റി നിലവിൽ വന്നപ്പോൾ അവകാശികൾ നേരിടുന്ന പ്രശ്നങ്ങൾ മൗലവിമാർ തന്നെ വ്യക്തമാക്കുന്നുണ്ട് :

"ഒരു സംഘടനാ പ്രവർത്തനം എന്നതിൽ കവിഞ്ഞ ഒരു പ്രാധാന്യവും സംഘടിത സകാത്ത് സംവിധാനങ്ങൾക്ക് സംഘടനക്കാർ കൽപ്പിക്കുന്നില്ല. സകാത്ത് പിരിച്ചെടുക്കാൻ കാ

ണിക്കുന്ന താൽപര്യം യഥാർത്ഥ അവകാശികളെ കണ്ടെത്തി അത് വിതരണം ചെയ്യുന്ന കാര്യത്തിൽ ഒരു സംഘടനക്കാരനും ശ്രദ്ധിക്കുന്നില്ല... സഹായം കിട്ടാൻ വേണ്ടിയും തന്റെ അപേക്ഷ പരിഗണിക്കാൻ വേണ്ടിയും സകാത്ത് സെല്ല് മുതലാളിമാരുടെ മുന്നിൽ അപേക്ഷകൻ തല ചൊറിഞ്ഞു കെഞ്ചുന്നു. ചുരുക്കത്തിൽ വ്യക്തി വ്യക്തികൾക്ക് സകാത്ത് നൽക്കുമ്പോൾ സംഭവിക്കാൻ സാധ്യതയുള്ളതായി എതിർവീക്ഷണക്കാർ പറയുന്ന എല്ലാ ദോഷങ്ങളും അതിനേക്കാൾ നൂറ് മടങ്ങ് ശക്തിയിൽ സംഘടനക്കാർ നടത്തുന്ന സകാത്ത് സംഭരണ -വിതരണ സംവിധാനത്തിലും നിലനിൽക്കുന്നു. ആവശ്യക്കാരായി അനവധി ആളുകൾ നാട്ടിൽ ഉണ്ടായിരിക്കെ തന്നെ സകാത്ത് മുതലുകൾ ബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്നു. നിക്ഷേപത്തിന്റെയും വിതരണത്തിന്റെയും കണക്കുകളും നിക്ഷേപകാലത്തേക്ക് ബാങ്ക് അതിനു നൽകിയ പലിശയടക്കമുള്ള സ്ഥിതിവിവരണം സത്യസന്ധതയുടെ പേരിൽ സംഘടനക്കാർ പള്ളിയുടെ നോട്ടീസ് ബോർഡിൽ പതിച്ച അനുഭവവും കേരളത്തിലുണ്ടായിട്ടുണ്ട്. മതസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ശമ്പളം നൽകുന്നതിനും മറ്റും ഇങ്ങനെയുള്ള സകാത്ത് നിക്ഷേപങ്ങൾ വകമാറ്റി ചെലവഴിക്കുന്നവരുമുണ്ട്. മതപ്രബോധനം എന്ന പേരിൽ മത സംഘടനകൾ നടത്തുന്ന പരിപാടികൾക്കും സകാത്ത് മുതലുകൾ ഉപയോഗിക്കപ്പെടുന്നു. സകാത്ത് ഫണ്ടിൽനിന്ന് സഹായം കിട്ടണമെങ്കിൽ ഏത് സകാത്ത് കമ്മിറ്റിയിലേക്കാണോ സഹായത്തിനായി ആവശ്യപ്പെടുന്നത് ആ കമ്മിറ്റിയുമായി അപേക്ഷകന് സംഘടനാ ബന്ധമുണ്ടായിരിക്കണമെന്നതാണ് പലയിടത്തുമുള്ള അവസ്ഥ. ഇസ്ലാം നിശ്ചയിച്ച മാനദണ്ഡങ്ങൾക്കപ്പുറം സംഘടനക്കാർ നിശ്ചയിക്കുന്ന നിബന്ധനകൾക്കനുയോജ്യമായെങ്കിലേ അപേക്ഷകൾ പരിഗണിക്കപ്പെടുകയുള്ളൂ എന്നർത്ഥം. ചുരുക്കത്തിൽ സകാത്ത്

സംഭരണ- വിതരണ- വിനിമയ കാര്യങ്ങളിലൊക്കെ സംഘടനാ താൽപര്യങ്ങൾക്കാണ് മുൻതൂക്കം. വിഷയത്തെപ്പറ്റി ഒരു ധാരണയും വിവരവുമില്ലാത്ത ആളുകളാണ് സുപ്രധാനമായ ഈ ഒരു മതകാര്യം ഇന്ന് കൈകാര്യം ചെയ്യുന്നത് എന്നർത്ഥം."

*(അൽ ഇസ്ലാഹ് മാസിക -2015 ജൂലൈ പേജ് 28)*

സകാത്ത് പിരിച്ചെടുത്ത് അവകാശികൾക്ക് നൽകാതെ സംഘടനകളും സ്ഥാപനങ്ങളും വളർത്തിയെടുക്കാൻ ഉപയോഗിക്കുന്നതും വഹാബി മെമ്പർഷിപ്പ് ഇല്ലാത്തവർക്ക് സകാത്ത് അനുവദിക്കില്ലെന്നുമുള്ള വസ്തുതകളും സകാത്ത് കമ്മിറ്റി മൂലം 'കമ്മിറ്റി മുതലാളി'മാർ നടത്തുന്ന തോന്നിവാസങ്ങളും വഹാബി പിളർപ്പിലൂടെയാണ് പുറത്തുവന്നിരിക്കുന്നത്. ഇങ്ങനെ ഇസ്ലാമിലെ മഹത്തായ ഒരു ഇബാദത്തിനെയാണ് പുത്തൻ വാദികൾ നിഷ്ഫലമാക്കി കൊണ്ടിരിക്കുന്നത്.

Sunnahclub.in

# സ്വർണ്ണം, വെള്ളി, കച്ചവടം: സകാത്ത് ശേഖരിക്കാൻ തെളിവില്ലെന്ന് സമ്മതിക്കുന്നു.

സകാത്ത് ശേഖരിച്ച് സംഘടനയും സ്ഥാപനങ്ങളും വളർത്തുന്ന മുജാഹിദുകളോട് സകാത്ത് ശേഖരണം നടത്തേണ്ടത് ഇസ്ലാമിക ഭരണാധികാരികളാണെന്നും അതുതന്നെ കാർഷിക, കാലി സമ്പത്തുകളായ പ്രത്യക്ഷ സമ്പത്തുകളുടേതാണെന്നും സ്വർണ്ണം, വെള്ളി, കച്ചവടം തുടങ്ങിയ പരോക്ഷ സമ്പത്തുകളുടെ സകാത്ത് വ്യക്തികൾ തന്നെ നൽകുകയാണ് വേണ്ടതെന്നും സുന്നി പണ്ഡിതർ വ്യക്തമാക്കിയപ്പോൾ മൗലവികൾ അതുൾക്കൊണ്ടിരുന്നില്ല. സകാത്ത് പിരിച്ചെടുത്ത് സംഘടനക്കും സ്ഥാപനത്തിനും അവർ ഉപയോഗപ്പെടുത്തി. അർഹരിലേക്കതെത്താത്തതിനാൽ പലരുടെയും സകാത്ത് വീടപ്പെടാതെയായി. സകാത്ത് മേഖലയിലെ ഈ പകൽകൊള്ള മൗലവിമാർ തന്നെ വിളിച്ചു പറയാൻ തുടങ്ങിയത് പിളർപ്പാനന്തരമാണ്.

Sunnahclub.in

സകാത്ത് കമ്മിറ്റി സംഘടനക്കു കീഴിലായപ്പോൾ സകാത്ത് മുതൽ തടയപ്പെട്ട മുജാഹിദിലെ ന്യൂനപക്ഷമാണ് ഈ യാഥാർത്ഥ്യങ്ങളെല്ലാം പുറത്തു പറയാൻ തുടങ്ങിയത്.

ഭരണമില്ലാതിരുന്നപ്പോൾ നബി(സ)സകാത്ത് പിരിച്ചെടുത്തിരുന്നില്ലെന്ന യാഥാർത്ഥ്യം മൗലവിമാർ ഇപ്പോൾ തുറന്നെഴുതുന്നു:

> "എന്നാൽ ഭരണം ഇല്ലാതിരുന്നിട്ടും കൽപ്പിക്കപ്പെട്ട രീതിയിൽ സാധിക്കുന്ന നിലക്ക് സംഘടിതമായി സകാത്ത് നടപ്പിലാക്കാൻ മക്കയിൽ നബി(സ) ശ്രമിച്ചുവോ? ദരിദ്രരുടെ ആധിക്യവും അടിമകളുടെ സാന്നിധ്യവും മുഅല്ലഫത്തുൽ ഖുലൂബും, പീഡിതരും, വീടില്ലാത്തവരും എല്ലാം ഉണ്ടായിട്ടും ഉമർ(റ) ഉസ്മാൻ(റ) തുടങ്ങിയ പണക്കാരെയും ഖദീജ(റ) പോലുള്ള കച്ചവടക്കാരെയും സംഘടിപ്പിച്ച ഒരു സെല്ല് രൂപീകരിച്ചുവോ? അങ്ങനെ എവിടെയും കാണാൻ കഴിയുന്നില്ല. കാരണം, നബി(സ)മക്കയിൽ അധികാരസ്ഥനായിരുന്നില്ല."

*(അൽ ഇസ്ലാഹ് മാസിക -2015 ജൂലൈ പേജ് :7)*

സകാത്ത് പിരിച്ചെടുക്കാൻ സംഘടനക്ക് അധികാരമില്ലെന്നും തുറന്നെഴുതുന്നു :

> "സകാത്ത് പിരിച്ചെടുക്കാനുള്ള കൽപ്പന അധികാരസ്ഥന്മാരോടാണ് എന്നാണല്ലോ അമാനി മൗലവി അടക്കമുള്ളവർ പറഞ്ഞത്. എന്നാൽ സംഘടനക്ക് അധികാരമുണ്ടെന്ന് സംഘടനക്കാർ പഠിപ്പിച്ചു. ഇങ്ങനെയൊരു വാദം വന്നത് ഉലുൽ അംറ് സംഘടനാ നേതൃത്വമാണ് എന്ന് പഠിപ്പിച്ചതിന്റെ ഫലമാവാം. അതതു കാലത്തെ അധികാരസ്ഥന്മാർ എന്ന് അമാനി മൗലവി പറയുമ്പോൾ അത് ഉലുൽ അംറായ തങ്ങ

Sunnahclub.in

ൾ തന്നെയാണെന്ന് പാർട്ടിക്കാർ മനസ്സിലാക്കിയെങ്കിൽ കുറ്റം പറയരുതല്ലോ." ***(അതേ പുസ്തകം പേജ്: 7)***

**സ്വർണ്ണം, വെള്ളി കച്ചവടം തുടങ്ങിയവയുടെ സകാത്ത് ശേഖരിക്കാൻ പാടില്ലെന്നും മൗലവിമാർ വ്യക്തമാക്കുന്നു.**

"ശൈഖ് അൽബാനി പറയുന്നത് കാണുക : നബി(സ) യുടെ കാലത്തും സലഫുസ്വാലിഹിന്റെ കാലത്തും കാലി സമ്പത്ത്, കൃഷി എന്നിവയുടെ സകാത്ത് പോലുള്ളവ ശേഖരിക്കപ്പെട്ടിരുന്നു. അപ്രകാരം ഇരു നാണയങ്ങളുടെ സകാത്ത് ശേഖരിക്കപ്പെട്ടിരുന്നില്ല. നാണയങ്ങളുടെ സകാത്ത് ശേഖരിക്കപ്പെടാറുണ്ടായിരുന്നില്ല. സകാത്ത് ബാധ്യതയുള്ള ധനികനെ തന്നെ ഏൽപ്പിക്കുകയും, അങ്ങനെ അയാൾ തന്നെ തന്റെ നാണയത്തിന്റെ നിർബന്ധമായ സകാത്ത് വിതരണം ചെയ്യുകയുമായിരുന്നു ഉണ്ടായിരുന്നത്. (ദുറൂസു ശൈഖ് അൽ അൽബാനി26/10)"

***(അൽ ഇസ്ലാഹ് മാസിക -2015 ജൂ ലൈ പേജ് :10 )***

**'സകാത്തിന്റെ ജോലിക്കാർ' സകാത്തിന്റെ അവകാശികളെണ്ണെന്നതാണ് ഇപ്പോഴും സകാത്ത് പിരിച്ചെടുക്കണം എന്നതിനുള്ള മറ്റൊരു ന്യായം.**

"വ്യക്തികൾ സകാത്ത് സ്വയം നൽകുന്ന സമ്പ്രദായം ഇസ്ലാം മുന്നോട്ട് വെക്കുന്നില്ല എന്നതിന് മതിയായ തെളിവാണ് സകാത്തിന്റെ ജോലിക്കാരെ അവകാശികളായി എണ്ണിയത്. അതിനാൽ പള്ളികൾ കേന്ദ്രീകരിച്ച് സകാത്തിനായി പ്രവർത്തിക്കുന്ന സമിതികൾ രൂപീകരിക്കൽ നിർബന്ധമാണ്."

***(ശബാബ് വരിക 2022 -ഏപ്രിൽ 22 പേജ് 10 )***

ഇത് ഇസ്ലാമിക ഭരണം ഇല്ലാതിടത്ത് സകാത്ത് പിരിക്കാമെന്നതിനും പരോക്ഷമായ സമ്പത്തിന്റെ സകാത്ത് പിരിച്ചെടുക്കാമെന്നതിനും തെളിവല്ലെന്ന് മൗലവിമാർ തന്നെ തുറന്നടിക്കുന്നു.

> "ഈ ഉദ്യോഗസ്ഥർ സകാത്തിന്റെ അവകാശികളാണെന്നതിൽ നിന്ന് ഈ വിഭാഗം എന്നും ഉണ്ടാകണമെന്ന് തെളിവ് കിട്ടുമോ? അങ്ങനെയെങ്കിൽ ആ ആയത്തിൽ പറഞ്ഞ അടിമ, കടക്കാരൻ, യാത്രക്കാരൻ എന്നിവരൊക്കെ ലോകത്ത് ഏൽക്കാലവും നിലനിൽക്കണം. അതിനുവേണ്ടി പ്രയത്നിക്കണം എന്നും പറയേണ്ടി വരില്ലേ? പ്രത്യേകിച്ച് അടിമകൾ നിലനിൽക്കാൻ ഇസ്ലാം ആഗ്രഹിക്കുന്നു, കാരണം സകാത്തിന്റെ അവകാശികളിൽ അവരെ എണ്ണിയിട്ടുണ്ട് എന്ന് പറയാമോ? എന്നാൽ, എല്ലാവരും ഏകോപിച്ച് പറഞ്ഞിട്ടുള്ള കാര്യം ഈ അവകാശികളിൽ ഏതു വിഭാഗമാണോ ഉള്ളത് അവർക്ക് നൽകാം എന്നാണ്."

*(അൽ ഇസ്ലാഹ് മാസിക -2015 ജൂലൈ പേജ് 11 )*

നോക്കൂ, ഇസ്ലാമിക ഭരണമില്ലാത്തിടത് സകാത്ത് ശേഖരണത്തിനു നബി(സ)യുടെ മാതൃകയില്ലെന്നും, നബി(സ) യോ സ്വഹാബത്തോ പണത്തിന്റെ സകാത്ത് പിരിച്ചെടുക്കാറില്ലെന്നും ബോധ്യപ്പെട്ടിട്ടും ഭൂരിപക്ഷം മൗലവിമാരും അത് ഇപ്പോഴും സകാത്ത് പിരിച്ചെടുക്കുന്നു. അതിനുവേണ്ടി ഖുർആൻ ദുർവ്യാഖ്യാനം ചെയ്യുന്നു.

'നബി(സ)ചെയ്യാത്തത് ഞങ്ങൾക്ക് വേണ്ട' എന്ന ഉസൂൽ 'സാമ്പത്തിക ഘട്ട'ങ്ങളിൽ അപ്രത്യക്ഷമാവുന്നു.

Sunnahclub.in

# സംഘടിത സകാത്ത്;
# ജമാ - മുജകൾ ചെയ്യുന്ന തെറ്റുകൾ

ഇപ്പോഴും സംഘടിത സകാത്തിന്റെ തെറ്റുകൾ ബോധ്യപ്പെടാത്ത ചിലരെങ്കിലുമുണ്ട്. അവരുടെ ശ്രദ്ധയിലേക്ക് ചില കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നു.

## 01.ഭരണത്തിന് പോലും അവകാശമില്ലാത്തത് തട്ടുന്നു

പുത്തൻവാദി സംഘടനകൾ പിരിച്ചെടുക്കുന്ന സകാത്ത് സ്വർണ്ണം,വെള്ളി തുടങ്ങിയ പരോക്ഷ ധനങ്ങളുടെ സകാത്താണ്. ഇത് ഇസ്‌ലാമിക ഭരണാധികാരിക്ക് പോലും പിടിച്ചെടുക്കാൻ പാടില്ലാത്ത സകാത്താകുന്നു.

2012 ന് ശേഷം സംഘടന (കമ്മറ്റി)യുടെ സകാത്ത് കിട്ടാതെപോയ മുജാഹിദിലെ എട്ടാം ഗ്രൂപ്പ് ഈ വസ്തുത തുറന്നെഴുതിയിട്ടുണ്ട്.

Sunnahclub.in

“ശൈഖ് അൽബാനി പറയുന്നത് കാണുക: നബി(സ)യുടെ കാലത്തും സലഫുസ്വാലിഹിന്റെ കാലത്തും കാലിസമ്പത്ത്, കൃഷി എന്നിവയുടെ സകാത്ത് പോലുള്ളവ ശേഖരിക്കപ്പെട്ടിരുന്നു. അപ്രകാരം ഇരുനാണയങ്ങളുടെ സകാത്ത് ശേഖരിക്കപ്പെടാറുണ്ടായിരുന്നില്ല. സകാത്ത് ബാധ്യതയുള്ള ധനികനെ തന്നെ ഏൽപ്പിക്കുകയും അങ്ങനെ അയാൾ തന്നെ തന്റെ നാണയത്തിൽ നിർബന്ധമായ സകാത്ത് വിതരണം ചെയ്യുകയുമായിരുന്നു ഉണ്ടായിരുന്നത്. (ദുറൂസു ശൈഖ് അൽബാനി:26/10)

കാലി സമ്പത്ത് നാമ മാത്രമാകുകയും വിളകൾ നാണ്യ വിളകളാവുകയും ചെയ്തിരിക്കെ ജനങ്ങളുടെ കയ്യിലുള്ള ധനത്തിന്റെ ഏറിയ പങ്കും നാണയങ്ങൾ, വാടക, ശമ്പളം, കണക്കാക്കാൻ പറ്റാത്ത കച്ചവടം, സ്വർണ്ണം, വെള്ളി തുടങ്ങിയ പരോക്ഷ ധനമാണ് ഇക്കാലത്തുള്ളത്. ഇവിടെ ഒരു ഇസ്‌ലാമിക ഭരണമുണ്ടെങ്കിൽ തന്നെ അധികാരസ്ഥൻ ആവശ്യപ്പെട്ടിട്ടില്ലെങ്കിൽ സ്വന്തം വിതരണം ചെയ്യാൻ അവകാശമുള്ള പരോക്ഷ ധനത്തിന്റെ സകാത്ത് പിരിച്ചെടുക്കാനാണോ ഇത്തരം ദുർന്യായങ്ങളും അട്ടിമറിയും നടത്തുന്നത്."

*(അൽ ഇസ്‌ലാഹ് മാസിക -2015 ജൂലൈ പേജ് : 10, 11)*

**നമ്മുടെ നാട്ടിൽ ഇസ്‌ലാമിക ഭരണം ഉണ്ടെങ്കിലും ഇല്ലെങ്കിലും ചെയ്യാൻ പാടില്ലാത്ത കാര്യമാണ് ഇപ്പോൾ മുജാഹിദും ജമാഅത്തും ചെയ്തുകൊണ്ടിരിക്കുന്നത്.**

## 2- സകാത്ത് ഫണ്ട് സംഘടനക്ക് നൽകുന്നു.

പാവങ്ങളുടെ അവകാശമായ സകാത്ത് പൂർണ്ണമായും അവകാശികൾക്ക് നൽകാതെ ജമാഅതെ ഇസ്‌ലാമി അവരുടെ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും നൽകിവരുന്നുണ്ട്.

Sunnahclub.in

വിശുദ്ധ ഖുർആൻ പറഞ്ഞ എട്ടു വിഭാഗങ്ങൾക്ക് പുറമേ സ്വന്തം സംഘടനകളെയും സ്ഥാപനങ്ങളെയും സകാത്തിന്റെ അവകാശികളായി ചേർത്തുകൊണ്ടാണ് ഈ തട്ടിപ്പ് ആസൂത്രണം ചെയ്തിരിക്കുന്നത്.

വിശുദ്ധ റമദാനിൽ സകാത്ത് ആവശ്യപ്പെട്ടുകൊണ്ട് സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പരസ്യങ്ങൾ ജമാഅത് ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ തന്നെ നൽകാറുമുണ്ട്.

ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർത്ഥി സംഘടനയാണ് 'എസ്. ഐ. ഒ.' ഈ സംഘടനക്ക് സകാത്ത് ആവശ്യപ്പെട്ടു കൊണ്ട് പ്രബോധനത്തിൽ എഴുതുന്നു:

> "ഇന്ത്യയിൽ ഒന്നര പതിറ്റാണ്ടു കാലമായി വിദ്യാർത്ഥി യുവജനങ്ങൾക്കിടയിൽ ഇസ്‌ലാമിക പ്രവർത്തനം നിർവഹിച്ചുകൊണ്ടിരിക്കുന്ന പ്രസ്ഥാനമാണ് സ്റ്റുഡൻസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ (എസ് ഐ ഒ)... നിങ്ങളുടെ സകാത്ത് സ്വദകളിൽ നിന്ന് നല്ലൊരു വിഹിതം നൽകി ഈ വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രസിഡണ്ട്, എസ് ഐ ഒ കേരള സോൺ"

*(പ്രബോധനം വാരിക 1999 ജനുവരി 9)*

ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർഥിനികളുടെ സംഘടനയാണ് 'ജി ഐ ഒ.' ഈ സംഘടനക്ക് സകാത്ത് ആവശ്യപ്പെട്ടുകൊണ്ട് പ്രബോധനത്തിൽ എഴുതുന്നു:

> "1984 രൂപീകൃതമായ ഇസ്‌ലാമിക വിദ്യാർഥിനി സംഘടനയാണ് ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ (ജി ഐ

Sunnahclub.in

ഒ)..... ഈ പരിശുദ്ധ റമദാനിൽ നിങ്ങളുടെ സകാത്ത് സ്വദഖ കളിൽ നിന്നും സംഭാവനകൾ അയച്ചുതന്നു ജി ഐ ഓ വി നെ സഹായിക്കണമെന്ന് ദീനുൽ ഇസ്‌ലാമിന്റെ പേരിൽ അ ഭ്യർത്ഥിക്കുന്നു.

*സെക്രട്ടറി ജി ഐ ഓ കേരള*

*ഐ എസ് ടി ബിൽഡിംഗ്*

*സിൽവർ ഹിൽസ് കാലിക്കറ്റ്*

*(പ്രബോധനം വരിക)*

സ്ഥാപനങ്ങളും പള്ളികളും സകാത്തിന്റെ അവകാശിക ളിൽ പെടില്ലെന്ന് ഐ.പി.എച്ച് ഇറക്കിയ പ്രസിദ്ധീകരണങ്ങളി ൽ അവർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

## 03.ഇംഗ്ലീഷ് മീഡിയത്തിനും സ്കൂളിനും സകാത്ത്

സകാത്ത് കമ്മിറ്റിക്കെതിരെ ശബ്ദിക്കുമ്പോൾ ജമാഅത്തെ ഇസ്‌ലാമിക്ക് വിറളി പിടിക്കുന്നത് വെറുതെയല്ല. ജമാഅത്തു കാരുടെ ഏകദേശ സ്ഥാപനങ്ങളും നടന്നു പോകുന്നത് സ കാത്ത് ഫണ്ട് കൊണ്ടാണ്. മുതലാളിമാരിൽ നിന്നും പാവങ്ങ ളുടെ അവകാശങ്ങൾ കൈപ്പറ്റി ഏത് സ്ഥാപനവും നടത്താൻ ജമാഅത്തെ ഇസ്‌ലാമി തയ്യാറാണ്.

രക്ഷിതാക്കളിൽ നിന്നും ഫീസ് വാങ്ങി നടത്തുന്ന ഇംഗ്ലീ ഷ് മീഡിയം സ്കൂളിന് വരെ ജമാഅത്തുകാർ പാവങ്ങളുടെ സ്വ ത്തായ സകാത്ത് ഫണ്ട് അനുവദിക്കുന്നുണ്ട്.

ജമാഅത്തെ ഇസ്‌ലാമിയുടെ കുറ്റ്യാടിയിലെ ആസ്ഥാനമാ ണ് 'ഇസ്‌ലാമിയാ കോളേജ്' ഇതിന്റെ അനുബന്ധ സ്ഥാപന മാണ് ഐഡിയൽ പബ്ലിക് സ്കൂളും (CBSE ഇംഗ്ലീഷ് മീഡിയം) ഐഡിയൽ ഹയർ സെക്കന്ററി സ്കൂളും.

Sunnahclub.in

ഈ രണ്ട് സ്ഥാപനങ്ങൾക്കും സകാത്ത് ആവശ്യപ്പെട്ടു കൊണ്ട് പ്രബോധനത്തിൽ എഴുതുന്നു:

"കേരളത്തിൽ ദീനി വൈജ്ഞാനിക രംഗത്ത് അര നൂറ്റാണ്ടി ലധികമായി തലയെടുപ്പോടെ പ്രവർത്തിച്ചുവരുന്ന ഇസ്ലാമിക കലാലയമാണ് കുറ്റ്യാടി ഇസ്ലാമിയ കോളേജ്.

സിബിഎസ്ഇ സിലബസും കേരള മജ്ലിസുത്തഅ്ലീമിൽ ഇസ്ലാമിയുടെ സിലബസും ഒരുമിച്ച് പഠിപ്പിച്ചു കൊണ്ടിരിക്കുന്ന മേഖലയിലെ ഏറ്റവും ശ്രദ്ധേയമായ ഇംഗ്ലീഷ് മീഡിയം സ്കൂ ളാണ് ഐഡിയൽ പബ്ലിക് സ്കൂൾ...

ഐഡിയൽ ഹയർസെക്കന്ററി സ്കൂൾ: കേരള സർക്കാരി ന്റെ ഓപ്പൺ സ്കൂൾ റെഗുലർ സ്കീമിൽ സയൻസ് കോമേഴ്സ് വിഷയങ്ങൾ പഠിപ്പിക്കുന്ന സ്ഥാപനത്തിൽ ഇപ്പോൾ 110 വിദ്യാർത്ഥികൾ പഠിച്ചു കൊണ്ടിരിക്കുന്നു...

ഈ വിശുദ്ധ റമദാനിൽ സകാത്ത് സ്വദഖകളിൽ നിന്ന് നല്ല ഒരു വിഹിതം നൽകി താങ്കൾ ഇസ്ലാമിയ കോളേജിനെയും അനുബന്ധ സ്ഥാപനങ്ങളെയും സഹായിക്കുമെന്ന പ്രതീക്ഷയോടെ...

*(പ്രബോധനം 2009 ആഗസ്റ്റ് 22. പേജ് : 22 )*

വിശ്വാസികളെ ചൂഷണം ചെയ്യുന്നതിൽ അല്പം പോലും നാണമില്ലാത്തവരാണ് ജമാഅത്തെ ഇസ്ലാമി.

## 04. ഷോപ്പിംഗ് കോംപ്ലക്സിനും ഹോസ്റ്റലിനും

സകാത്ത് ഇസ്ലാമിലെ ഒരു ഇബാദത്താണ്. ഏതൊക്കെ വസ്തുക്കൾക്ക് സകാത്തുണ്ടെന്നും ഏതിലേക്കൊക്കെ അത്

വിനിയോഗിക്കണമെന്നും ഇസ്‌ലാമിന് വ്യക്തമായ നിലപാടുണ്ട്. അതെല്ലാം അവഗണിച്ചുകൊണ്ട് സകാത്തിന്റെ മുതൽ അപഹരിച്ചെടുക്കുകയാണ് മൗലവിമാർ ചെയ്യുന്നത്. പള്ളിയുടെ നടത്തിപ്പിന് സ്ഥിരവരുമാനത്തിനു വേണ്ടി ഷോപ്പിംഗ് കോംപ്ലക്സും ലൈബ്രറിയും ഹോസ്റ്റലും നിർമ്മിക്കാനുള്ള സ്ഥലങ്ങൾ വാങ്ങാൻ വരെ സകാത്ത് പണം ജമാഅത്തുകാർ ഉപയോഗിക്കുന്നു.

> "തൃപ്രയാറിൽ നിലവിൽ വന്നു കഴിഞ്ഞ ഇസ്‌ലാമിക് സെൻറർ ജുമാ മസ്ജിദിന്റെ നടത്തിപ്പിനും വികസനത്തിനും വഴി കാണാതെ ഭാരവാഹികൾ പ്രയാസപ്പെട്ടു കൊണ്ടിരിക്കുന്നു. ഇതിനു പരിഹാരമായി സ്ഥിര വരുമാനത്തിന് ഉതകുന്ന ഷോപ്പിംഗ് കോംപ്ലക്സ്, വിദ്യാർത്ഥി ഹോസ്റ്റൽ, ലൈബ്രറി എന്നിവയ്ക്ക് വേണ്ടി സ്ഥലം വാങ്ങുന്നതിനും ആവശ്യമായ കെട്ടിടങ്ങളും മറ്റും പണിയുന്നതിനും ഏകദേശം 45 ലക്ഷം രൂപ ആവശ്യമായി വന്നിരിക്കുന്നു. ഈ ദീനീ സേവന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി തങ്ങളുടെ സകാത്ത് സ്വദഖ വകയിൽ നിന്ന് കഴിയുന്നത്ര സംഖ്യ താഴെ വിലാസത്തിൽ അയച്ചുതരാൻ ദീനി സ്നേഹികളോട അഭ്യർത്ഥിക്കുന്നു."

*(പ്രബോധനം വാരിക2005 ഒക്ടോബർ 8 പേജ് 34)*

വെൽഫെയർ ഫോറത്തിനും പാലിയേറ്റീവ് ക്ലിനിക്കിനും സകാത്ത് ആവശ്യപ്പെട്ടുകൊണ്ട് പ്രബോധനം എഴുതുന്നു:

> "ഇസ്‌ലാമിക് വെൽഫെയർ ഫോറം മദീന മസ്ജിദ് കോംപ്ലക്സ് കൊച്ചി: നിങ്ങളുടെ സകാത്തുകളും സദഖകളും താഴെ കാണുന്ന വിലാസത്തിൽ അയക്കുക. ഇസ്‌ലാമിക് വെൽഫെയർ ഫോറം. മദീന മസ്ജിദ് കോംപ്ലക്സ് എറണാകുളം, കൊച്ചി." *(പ്രബോധനം 96 ഫെബ്രുവരി 17 പേജ് :8)*

Sunnahclub.in

"കനിവ് പെയിൻ & പാലിയേറ്റീവ് ക്ലിനിക് കോട്ടക്കൽ: ഈ പരിശുദ്ധ റമളാനിൽ നിങ്ങളുടെ സകാത്ത് നിന്ന് ഒരു വിഹിതം നൽകിക്കൊണ്ട് ഈ പുണ്യകർമ്മത്തിൽ പങ്കുചേരാൻ എല്ലാവരോടും അപേക്ഷിക്കുന്നു."

*(പ്രബോധനം 2015 ജൂലൈ 3 പേജ് 39)*

ക്ലിനിക്കിനും പാലിയേറ്റീവിനും പള്ളി നിർമ്മാണത്തിനും സകാത്ത് ഫണ്ട് ഉപയോഗിക്കാൻ പാടില്ലെന്നാണ് സൗദി പണ്ഡിതന്മാർ അടക്കം ഫത്‌വ നൽകിയിട്ടുള്ളത്.

"പള്ളി നിർമ്മാണം ആശുപത്രികൾ വെൽഫെയർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സകാത്ത് വിനിയോഗിക്കുന്നത് അനുവദ നീയമല്ല. സൗദി അറേബ്യയിലുള്ള ഉന്നത പണ്ഡിത സമിതി ഈ വിഷയത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇസ്ലാമിക് സെൻറർ നിർമ്മിക്കാൻ സകാത്ത് വിനിയോഗിക്കാമോ എന്ന ചോദ്യത്തിന് ശൈഖ് ഉസൈമീൻ നൽകിയ മറുപടി: ഇസ്‌ലാമിക് സെന്ററിന്റെ അക്കൗണ്ടിന് വേണ്ടി സകാത്ത് നൽകുന്നത് ശരിയല്ല. കാരണം, അത് സകാത്തിന്റെ വിനിയോഗമാർഗത്തിൽ പെട്ടതല്ല. ഫീ സബീലില്ലാഹി എന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ് മാത്രമാണ്. ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം അതാണ്. എല്ലാ നല്ല കാര്യങ്ങളും അല്ല അതിന്റെ ഉദ്ദേശ്യം. ഇത് പിൽക്കാലക്കാരിൽ ചിലരുടെ അഭിപ്രായമാണ്. അങ്ങനെയായിരുന്നെങ്കിൽ തൗബയിലെ ആയത്തിൽ എട്ടു വി ഭാഗത്തെ പരിമിതപ്പെടുത്തി പറഞ്ഞതിന്റെ പ്രസക്തി നഷ്ടപ്പെട്ടുപോകും." (ഫതാവ വ റസാഇൽ 18/206)

*(അൽ ഇസ്‌ലാഹ് മാ സിക 2015 ജൂലൈ പേജ് 15)*

Sunnahclub.in

ഗൾഫിലെ സലഫീ പണ്ഡിതന്മാർ പോലും പാടില്ലെന്ന് പറഞ്ഞ മേഖലയിലാണ് ജമാഅത്തുകാർ സകാത്ത് ഫണ്ട് ഉപയോഗപ്പെടുത്തുന്നത്.

## 05. പത്ര മാസികകൾക്കും പൊതു മാധ്യമങ്ങൾക്കും

സ്വന്തം സംഘടനകൾ ഇറക്കുന്ന പത്രമാസികകൾക്കും മീഡിയാ മാധ്യമങ്ങൾക്കും പാവങ്ങളുടെ സ്വത്തായ സകാത്ത് തട്ടിയെടുക്കുന്നതിൽ മുജാഹിദും ജമാഅത്തും തുല്യമായ പങ്കാളിത്തം വഹിക്കുന്നു. എട്ട് വിഭാഗത്തിനു മാത്രം നിർണയിക്കപ്പെട്ട സകാത്ത് മുതൽ പച്ചയായി കൊള്ളയടിക്കാനുള്ള പരസ്യങ്ങൾ ഇവർ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. വിവരം കുറഞ്ഞ സമ്പന്നർ പലപ്പോഴും ഇതിലകപ്പെടാറുണ്ട്.

ഐപിഎച്ച് ഇറക്കിയ 'സകാത്ത് തത്വവും പ്രയോഗവും' എന്ന പുസ്തകത്തിൽ എഴുതുന്നു :

> "ഇന്നിപ്പോൾ ഇസ്‌ലാമിക പ്രബോധനം ചിലവേറിയ കാര്യമാണ്. അതേതായാലും അല്ലാഹുവിന്റെ മാർഗ്ഗമാണെന്ന കാര്യത്തിൽ തർക്കം ഉണ്ടാവുകയില്ല. ഇസ്‌ലാമിനെതിരിൽ ശത്രുക്കളുടെ പ്രചാരണത്തെ നേരിടുക, അവരുടെ വാദങ്ങൾക്കും ആരോപണങ്ങൾക്കും മറുപടി പറയുക, ഈ വിഷയത്തിൽ പുസ്തകങ്ങളും ലേഖനങ്ങളും പത്ര മാസികകളും പ്രസിദ്ധീകരിക്കുക തുടങ്ങിയവയൊക്കെ ഇന്ന് ഇസ്‌ലാമിക മാർഗ്ഗത്തിലെ സുപ്രധാന പ്രവർത്തനങ്ങളാണ്. അതിനാൽ സകാത്തിന്റെ പണം ഇത്തരം കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്ന് വരുന്നു."

*(സകാത്ത് തത്വവും പ്രയോഗവും, ഐ പി എച്ച് )*

Sunnahclub.in

നോക്കൂ, ജമാഅത്തിന്റെ പ്രബോധനവും മീഡിയ വണ്ണും മാധ്യമവും അമുസ്‌ലിംകൾ വരെ ഉൾപ്പെടുന്ന രൂപത്തിൽ “ഫീ സബീലില്ലാഹി” (അല്ലാഹുവിന്റെ മാർഗത്തിൽ) എന്ന വകുപ്പിനെ വലിച്ചു നീട്ടുകയാണ്.

ഈ വലിച്ചു നീട്ടലൊക്കെ സ്വന്തം കാര്യ ലാഭത്തിനു വേണ്ടി മാത്രമാണ്. പണ്ഡിതന്മാർ ഇത് ശരി വെച്ചിട്ടില്ലെന്ന് ജമാഅത്തിന്റെ ഐ. പി. എച്ച് തന്നെ പുറത്തിറക്കിയ മറ്റൊരു പ്രസിദ്ധീകരണത്തിൽ പറയുന്നുണ്ട്.

> “ദൈവമാർഗത്തിലുള്ള സമരങ്ങളും(ജിഹാദ് ) അനുബന്ധകാര്യങ്ങളും മാത്രമാണ് ഫീസബീ ലില്ലാഹിയുടെ വിവക്ഷ എന്ന ഭൂരിപക്ഷഭിപ്രായമാണ് പ്രാമാണികം. പൊതു നന്മയിൽ അധിഷ്ഠിതമായ കാര്യങ്ങളൊക്കെ 'ഫീ സബീലില്ലാഹി'യിൽ ഉൾപ്പെടുത്തുന്ന പക്ഷം സകാത്തിന്റെ ഇതര വകുപ്പുകളും 'ഫീ സബീലില്ലാഹി'യുടെ അർത്ഥപരിധിയിൽ വരും. അങ്ങനെ വന്നാൽ സകാത്തിന്റെ വിനിമയ മാർഗങ്ങളെ ഖുർആൻ എട്ടു വിഭാഗമായി തിരിച്ചത് നിരർത്ഥകമാണെന്ന് പറയേണ്ടിവരും. നിരർത്ഥക ഭാഷണം ഖുർആനിനെ സംബന്ധിച്ചെടുത്തോളം അചിന്ത്യമാവുന്നു.”
>
> *(വിശ്വാസം കർമ്മം: സംശയങ്ങൾക്കു മറുപടി പേജ്: 120, ഐ പി എച്ച് )*

‘ഫീ സബീലില്ലാഹി’ എന്ന വകുപ്പിൽ എല്ലാം വലിച്ചിടരുതെന്ന് അറിയാത്തവരല്ല ജമാഅത്തുകാർ. തെറ്റാണെന്ന പൂർണ്ണ ബോധ്യത്തോടെ കൂടെ തന്നെയാണ് പത്രമാധ്യമങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ജമാഅത്തുകാർ ഈ കടുംകൈ ചെയ്യുന്നത്.

ഇവരെ വിശ്വസിച്ച് സകാത്തിന്റെ മുതലേൽപ്പിക്കുന്ന മുതലാളിമാർ ഉണർന്നു ചിന്തിച്ചില്ലെങ്കിൽ പരലോകത്ത് കൈകടിക്കേണ്ടി വരും

## 06.ബുക്ക് സ്റ്റാളിനും സകാത്ത്

സുന്നികളെ കാഫിറാക്കാനും ബിദ്അത് പ്രചരിപ്പിക്കാനും മാത്രം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന വഹാബി പ്രസാധകരാണ് അഹ്‌ലു സ്സുന്ന ബുക്സ്. പുസ്തകം ചിലവാകാതെ കടം പിടിച്ച് പ്രസാധനം നിർത്തേണ്ടി വരുമെന്ന് കണ്ടപ്പോൾ പാവങ്ങളുടെ സ്വത്ത് അപഹരിക്കാനാണ് മൗലവിമാരുടെ തീരുമാനം.

സമ്പത്ത് വഴിമാറി ചെലവഴിക്കുന്നതിൽ യാതൊരു ലജ്ജയുമില്ലാത്ത മൗലവിമാർ ബുക്ക് സ്റ്റാളിന്റെ നടത്തിപ്പിനും സകാത്ത് ആവശ്യപ്പെട്ട് അൽ ഇസ്‌ലാഹ് മാസികയിൽ എഴുതുന്നു :

> "അനശ്വരമായ ആഖിറത്തിലേക്ക് നിക്ഷേപമുണ്ടാക്കാൻ അഹ്‌ലുസ്സുന്ന ബുക്സിലൂടെ ഒരു അവസരം.
>
> അഹ്‌ലുസ്സുന്ന ബുക്സ് എന്ന പേരിൽ സലഫി ആദർശത്തിൽ പ്രവർത്തിച്ചുവരുന്ന പുസ്തക പ്രസാധന സംരംഭം ശ്രദ്ധിച്ചിരിക്കുമല്ലോ... ഇപ്പോൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് അഹ്‌ലുസ്സുന്ന ബുക്സ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. പ്രസിദ്ധീകരിക്കുന്നവ അതിന്റെ സമയത്തിനും മുറക്കും വിറ്റുപോകാത്തതും പ്രിന്റിങ്ങിനും മറ്റുമുള്ള ചെലവ് ക്രമാതീതമായി വർദ്ധിച്ചതും വായനയോട് പൊതുവേ ആളുകൾക്കുണ്ടായ താൽപര്യക്കുറവുമെല്ലാം ഈ പ്രതിസന്ധിക്കുള്ള പ്രധാന കാരണങ്ങളാണ്. എന്നാൽ ദഅവ രംഗത്ത് ഏറെ വിപ്ലവങ്ങൾ സൃഷ്ടിച്ചു വരുന്നതും കാലങ്ങളോളം കേടുകൂടാതെ അടുത്ത തലമുറക്ക് കൈമാറാൻ സാധി

ക്കുന്ന ഒരു മഹത്തായ സമ്പാദ്യവുമായ പ്രസ്തുത പുസ്തക പ്രസാധനം പാതിവഴിയിൽ നിർത്തുന്നത് ഉചിതമല്ല എന്ന് ബോധ്യപ്പെട്ടതുകൊണ്ട് ഈ പ്രതിസന്ധിയിൽ നിന്നും കരകയറാനും ഇത് പൂർവ്വാധികം ഭംഗിയായി തുടർന്നു കൊണ്ടു പോകാനുമായി നിങ്ങളോട് താഴെപ്പറയുന്ന ചില സഹായങ്ങൾ ഞങ്ങൾ ആവശ്യപ്പെടുകയാണ്.

1) ഈ സംരംഭത്തിലേക്ക് നിങ്ങളുടെ സ്വദകയിൽ നിന്നോ സകാത്തിൽ നിന്നോ ഒരു സംഖ്യ നൽകി ഈ ദഅവാ സംരംഭത്തെ സഹായിക്കുക. സകാത്തിന്റെ അവകാശികളിലെ 'ഫീ സബീലില്ലാഹി' എന്നതിൽ ഇതുൾപ്പെടുന്നതാണ്.

*(അൽ ഇസ്ലാഹ് മാസിക -2011 ആഗസ്റ്റ് പേജ് 2 )*

"ഫീ സബീലില്ലാഹി" വകുപ്പ് പറഞ്ഞ് എല്ലാറ്റിനും സകാത്ത് പണം ഉപയോഗിക്കൽ മൗലവിമാരുടെ കുതന്ത്രങ്ങളിൽ പെട്ടതാണ്. പിരിവ് നടത്താതെ സ്ഥാപനങ്ങളും സംഘടനയും മുന്നോട്ട് കൊണ്ടുപോകാനുള്ള എളുപ്പ വഴി. ഈ വകുപ്പ് ഇസ്ലാമിലെ ജിഹാദാണെന്ന് ഗൾഫിലെ സലഫി പണ്ഡിതരടക്കം വിശദീകരിച്ചതാണ്. ജിഹാദ് ഇസ്ലാമിക ഭരണത്തിനു കീഴിലാണല്ലോ നടക്കുക.

Sunnahclub.in

# പാവപ്പെട്ടവരുടെ വിവാഹത്തിന് സകാത്ത് ഫണ്ട് അനുവദിക്കില്ല!?

സമ്പന്നർ ഓരോ വർഷവും അവരുടെ നിശ്ചിത സമ്പത്തിന് സകാത്ത് നൽകിക്കൊണ്ടേയിരിക്കണം. ഓരോ വർഷവും സകാത്ത് നിർബന്ധമാകുന്ന സമയം ആകുമ്പോൾ അത് കൊടുത്തു വീട്ടുകയാണ് വേണ്ടത്. അത് സൂക്ഷിച്ചുവെക്കാൻ പാടില്ല. കാരണം, അത് പാവപ്പെട്ടവരുടെ അവകാശമാണ്.

എന്നാൽ സകാത്ത് കമ്മിറ്റിക്കാർ സകാത്ത് വാങ്ങി അർഹർക്ക് നൽകാതെ അവരുടെ താൽപര്യത്തിനനുസരിച്ച് ചെലവഴിക്കാൻ സൂക്ഷിച്ചു വെക്കുകയാണ്. ചിലർ അത് ബാങ്കിൽ നിക്ഷേപിച്ച് പലിശ വാങ്ങി അതും വരവിൽ ചേർക്കുന്നുണ്ട്. റേഷൻ സംവിധാനം, പെൻഷൻ സംവിധാനം എന്നൊക്കെ പറഞ്ഞ് സകാത്ത് ഫണ്ട് അൽപ്പാൽപ്പം കൊടുത്തു വീട്ടുന്നവരുമുണ്ട്.

മാത്രമല്ല, ഖുർആൻ പറഞ്ഞ സകാത്തിന്റെ അവകാശികൾക്ക് അവരുടെ അവകാശം തടഞ്ഞു വെക്കുകവരെ ചെയ്തു

Sunnahclub.in

കൊണ്ടിരിക്കുന്നു. പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കാൻ പ്രയാസപ്പെടുന്ന ഫഖീർ, മിസ്കീൻ പോലുള്ള സകാത്തിന്റെ അവകാശികൾക്ക് സകാത്ത് ഫണ്ട് അനുവദിക്കുകയില്ലത്രേ.

ജമാഅത്തെ ഇസ്ലാമിയുടെ മുഖപത്രമായ പ്രബോധനം എഴുതുന്നു :

"ബാങ്ക് കടമടക്കാനും വിവാഹാവശ്യത്തിനും സകാത്ത് കമ്മിറ്റിയിൽ നിന്ന് സഹായം നൽകാറില്ല."

*(പ്രബോധനം 2004 ഒക്ടോബർ 2 പേജ് 33)*

നോക്കൂ, സ്വന്തം മകളെ വിവാഹം ചെയ്തു സന്തോഷത്തോടെ പറഞ്ഞയക്കാൻ ഒരു പാവപ്പെട്ട കുടുംബ നാഥൻ സാമ്പത്തികമായി എത്ര പ്രയാസപ്പെടും. അവരുടെ അവകാശമായ സകാത്ത് പിടിച്ചു വെച്ച് അവരുടെ ആവശ്യത്തിന് നൽകാതിരിക്കുക എന്നത് എത്രത്തോളം ക്രൂരതയാണ്. സത്യത്തിൽ ഈ അവകാശം പിടിച്ചുവെക്കാൻ ജമാഅത്തെ ഇസ്ലാമിക്ക് എന്ത് അധികാരമാണുള്ളത്. സമ്പന്നർ അവരുടെ സകാത്ത് ആരുമറിയാതെ പാവങ്ങളിലേക്ക് എത്തിച്ചു കൊടുക്കുകയെന്ന ഒരു ഇബാദത്തിനെ പാവപെട്ടവർക്ക് അവരുടെ അവകാശങ്ങൾ കിട്ടാൻ കമ്മറ്റി മുതലാളിമാർക്ക് മുന്നിൽ അപേക്ഷ സമർപ്പിക്കേണ്ട ഒരു ദുർഗതി വരുത്തിവെച്ച് പാവപ്പെട്ടവരുടെ മാനസികാവസ്ഥ തകർത്തു കളയുന്ന ഒരു ഏർപ്പാടല്ലേ സകാത്ത് കമ്മിറ്റി ചെയ്തു വെച്ചിരിക്കുന്നത്. അതും അവർ ഇഷ്ടപ്പെടുന്ന ആളുകൾക്ക്, അവരുടെ സംഘടന മെമ്പർഷിപ്പ് ഉള്ളവർക്ക്, അവർക്ക് തോന്നുന്ന വിഷയങ്ങൾക്ക് മാത്രം പാസാക്കി കൊടുക്കുന്ന ഒരു ഏർപ്പാട്. ലജ്ജാകരം!

പ്രബോധനം എഴുതുന്നു:

Sunnahclub.in

" അവകാശികളെ കണ്ടെത്താൻ അപേക്ഷകളെയാണ് മിക്കവാറും പരിഗണിക്കുന്നത്. നേരിട്ട് അവകാശികളെ തിരഞ്ഞെടുക്കുന്ന രീതിയും നിലവിലുണ്ട്. മഹല്ലുകളിൽ ഇത് സാധ്യമാണെങ്കിലും സകാത്ത് കമ്മിറ്റികളെ സംബന്ധിച്ചിടത്തോളം വിശാല ഏരിയയിൽ നിന്ന് വരുന്ന അപേക്ഷകളുടെ ബാഹുല്യം കാരണം നേരിട്ട് അവകാശികളെ കണ്ടെത്താൻ പ്രയാസമാണ്."

*(പ്രബോധനം 2004 ഒക്ടോബർ 2*

ഇസ്ലാം ലളിതമായി സംവിധാനിച്ച സകാത്തിനെ ഇങ്ങനെ സങ്കീർണ വിഷയമായി അവതരിപ്പിക്കുന്നതെന്തിനാണ്? മുതലാളിമാർക്ക് വ്യത്യസ്ത സമയങ്ങളിലും മാസങ്ങളിലുമായിരിക്കും സകാത്ത് നിർബന്ധമാക്കുക. അവർ അതിന്റെ കണക്കുകൾ കൂട്ടി  അർഹനിലേക്ക് എത്തിച്ചുകൊടുക്കുന്ന സംവിധാനമാണ് ഇസ്ലാം സ്വീകരിക്കുന്നത്. ഇത് തീർത്തും പാവങ്ങളുടെ അവകാശമാണ്. ഇതിൽ കയ്യിട്ടുവാരുന്ന പ്രവർത്തനം ജമാഅതും മുജാഹിദും അവസാനിപ്പിച്ചാൽ പാവങ്ങൾക്ക് അവരുടെ അവകാശങ്ങൾ ആവശ്യം പോലെ കൃത്യമായി ലഭിക്കുകയും അപേക്ഷ സമർപ്പിച്ച് പ്രയാസപ്പെടുന്ന സാഹചര്യം ഇല്ലാതാവുകയും ചെയ്യും.

ഇതൊന്നും അറിയാത്തവരല്ല മുജ- ജമകൾ. ഈ സംവിധാനം പൂർണമായും നടപ്പിൽ വന്നാൽ മുജാഹിദ് ജമാഅത്ത് സ്ഥാപനങ്ങളും പള്ളികളും സംഘടനകളും എങ്ങിനെ മുന്നോട്ട് പോകും?! അവരുടെ പ്രവർത്തന ഫണ്ടുകൾ എങ്ങനെ കണ്ടെത്തും? എന്നല്ലാമുള്ള ആശങ്കയാണ് സകാത്ത് കമ്മിറ്റിയിൽ പിടിച്ചു തൂങ്ങാൻ അവരെ പ്രേരിപ്പിക്കുന്നത്.

*പുസ്തകങ്ങളുടെ പേജുകൾ താഴെ നൽകുന്ന LINK ൽ*

*https://telegram.me/burdayanu/1228*

Sunnahclub.in